بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ഼ ഖുത്വ്ബ**

**സംഗ്രഹം**

**14-08-2026**

# നന്ദിപ്രകടനം: വാഗ്ദത്ത മസീഹി(അ)ന്റെ മാതൃക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി:

കഴിഞ്ഞ ഖുതുബകളിൽ നന്ദിപ്രകടനത്തെ സംബന്ധിച്ച് നബിതിരുമേനി(സ)യുടെ അധ്യാപനങ്ങളും അവിടുത്തെ ഉദാത്ത മാതൃകയും വിവരിക്കുകയുണ്ടായി. നന്ദിപ്രകടനത്തിന്റെ പ്രസ്തുത ഉന്നത നിലവാരത്തെ തിരുനബി(സ)യുടെ സത്യദാസനും ഈ കാലഘട്ടത്തിന്റെ ഇമാമുമായ ഹദ്റത്ത് മസീഹ് മൗഊദ് (അ) എങ്ങനെയാണ് മനസ്സിലാക്കിയതെന്നും, സ്വന്തം പ്രവൃത്തിയിലൂടെ വീട്ടിലെ കുട്ടികൾക്ക് അത് എങ്ങനെയാണ് പഠിപ്പിച്ചു നൽകിയതെന്നും വ്യക്തമാക്കുന്ന ചില ഉദ്ധരണികൾ ഞാൻ സമർപ്പിക്കാം.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നതിന്റെ പ്രാധാന്യവും അതിലെ യുക്തിയും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: മനുഷ്യൻ ഏതെങ്കിലും ഉന്നത പദവി കൈവരിക്കുമ്പോൾ അവൻ അഹങ്കാരിയായി മാറുന്നു; യഥാർത്ഥത്തിൽ ആ സമയത്ത് അവന് നിരവധി നന്മകൾ ചെയ്യാനും മനുഷ്യകുലത്തിന് ഉപകാരം ചെയ്യാനും സാധിക്കുമായിരുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രസ്താവിക്കുന്നു:

لَئِنۡ شَكَرۡتُمۡ لَاَزِيۡدَنَّكُمۡ

(നിങ്ങൾ നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ എന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് വർദ്ധിപ്പിച്ചു നൽകുന്നതാണ്.)

മനുഷ്യന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ അവൻ ദൈവത്തിന് നന്ദി അർപ്പിക്കുകയും മനുഷ്യരുടെ നന്മയെക്കുറിച്ച് ചിന്തിക്കുകയുമാണ് വേണ്ടത്. ഇനി ഒരാൾ അപ്രകാരം ചെയ്യാതെ, പകരം അക്രമവും അനീതിയും ചെയ്യുകയാണെങ്കിൽ അല്ലാഹു ആ അനുഗ്രഹങ്ങൾ അവനിൽ നിന്ന് തിരിച്ചെടുത്ത് ശിക്ഷ ഇറക്കുന്നു.

തുടർന്ന് അവിടുന്ന് അരുളുന്നു: ഏറ്റവും ആദ്യം അല്ലാഹുവിന് നന്ദി അർപ്പിക്കുക. അവൻ നമുക്ക് ജീവൻ നല്കി, ആരോഗ്യം പ്രദാനം ചെയ്തു, സമാധാനം തന്നരുളി, ദീനിന്റെ പ്രചാരണത്തിനുള്ള മാർഗ്ഗങ്ങളും നൽകി. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താൻ നാം ആഗ്രഹിച്ചാൽ പോലും ആ ദൈവത്തിന്റെ കാരുണ്യത്തെയും ഔദാര്യങ്ങളെയും എണ്ണിത്തീർക്കുക എന്നത് ഒരിക്കലും സാധ്യമല്ല എന്നതാണ് വസ്തുത.

പിന്നീട് മറ്റൊരു അവസരത്തിൽ അവിടുന്ന് അരുളുന്നു: . വൈജ്ഞാനികവും കർമപരവുമായ നിലയിൽ എല്ലാത്തരം അധാർമികവും ജുഗുപ്സാവഹവുമായ കാര്യങ്ങളിൽനിന്നും എല്ലാവിധ വൈകൃതങ്ങളിൽ നിന്നും ശുദ്ധമായ ഒരു ദീൻ പ്രദാനം ചെയ്ത അല്ലാഹുവിനോട് മുസ്‌ലീങ്ങൾ വളരെയധികം നന്ദിപ്രകടിപ്പിക്കേണ്ടതാണ്. മനുഷ്യൻ ചിന്തിച്ചു നോക്കുകയാണെങ്കിൽ, യഥാർത്ഥത്തിൽ സകല സ്തുതികൾക്കും വിശേഷണങ്ങൾക്കും അർഹൻ അല്ലാഹു മാത്രമാണെന്നും, ഏതെങ്കിലും മനുഷ്യനോ സൃഷ്ടിക്കോ യഥാർഥമായ അർഥത്തിൽ സ്തുതിക്ക് അർഹതയില്ലെന്നും അവന് ബോധ്യപ്പെടും.

സ്വാർഥതയുടെ ഒരുവിധ കലർപ്പുമില്ലാതെ നോക്കുന്നതായാൽ മനുഷ്യന് ഒരു കാര്യം വ്യക്തമായും ബോധ്യപ്പെടും: സ്തുതിക്ക്

അർഹനായി കരുതപ്പെടുന്നവൻ അപ്രകാരമായിത്തീരുന്നത് ഒരു സത്തയോ വസ്തുവോ ഇല്ലാതിരുന്ന, അതിന്റെ അസ്തിത്വത്തെക്കുറിച്ച് പോലും അറിവില്ലാതിരുന്ന ഒരു കാലത്ത് അവൻ അതിനെ സൃഷ്ടിച്ചവൻ ആയതിനാലാണ്;അല്ലെങ്കിൽ ഒരു അസ്തിത്വവും ഇല്ലാതിരുന്ന, അസ്തിത്വത്തിനും അസ്തിത്വത്തിന്റെ നിലനിൽപ്പിനും ആരോഗ്യസംരക്ഷണത്തിനും ജീവന്റെ നിലനിൽപ്പിനും എന്തെല്ലാം കാര്യങ്ങളാണ് ആവശ്യമെന്ന് അറിവില്ലാതിരുന്ന കാലത്ത് ആ ഉപജീവന മാർഗ്ഗങ്ങളെല്ലാം ഒരുക്കിയതിനാലാണ്; അതല്ലെങ്കിൽ, അവന്റെ മേൽ നിരവധി ദുരന്തങ്ങൾ പതിക്കാമായിരുന്ന ഒരു ഘട്ടത്തിൽ അവനോട് കരുണ ചെയ്ത് അവനെ സംരക്ഷിച്ചവനായതു കൊണ്ടാണ്; അതുമല്ലെങ്കിൽ അദ്ധ്വാനിക്കുന്നവന്റെ അദ്ധ്വാനത്തെ പാഴാക്കാതെ, അവരുടെ അവകാശങ്ങൾ പൂർണ്ണമായും നിറവേറ്റി നൽകുന്നതു കാരണമാണ് സ്തുതിക്ക് അർഹനായിത്തീരുന്നത്. അദ്ധ്വാനിക്കുന്നവന് കൂലി ലഭിക്കേണ്ടത് അവകാശമാണെങ്കിലും, അവകാശങ്ങൾ പൂർണ്ണമായി നിറവേറ്റുന്ന വ്യക്തിയും ഉപകാരം ചെയ്യുന്നവനാണ്. ഒരാളെ സ്തുതിക്ക് അർഹനാക്കുന്ന ഉന്നതമായ ഗുണങ്ങളാണ് ഇവ. ഇനി നിങ്ങൾ ചിന്തിച്ചു നോക്കൂ; ഈ സ്തുതികൾക്കെല്ലാം യഥാർഥത്തിൽ അർഹൻ അല്ലാഹു മാത്രമാണ്. അവനിലാണ് ഈ ഗുണങ്ങളെല്ലാം ഒത്തു ചേർന്നിരിക്കുന്നത്. മറ്റാരിലും ഈ ഗുണങ്ങളില്ല തന്നെ.

തുടർന്ന്, ഇസ്‌ലാമിന്റെ പുനരുജ്ജീവന ഘട്ടത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സംസ്ഥാപനത്തിൽ അല്ലാഹുവിന് നന്ദി അർപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

അല്ലയോ വിവേകമതികളേ! ഇരുട്ട് അഗാധമായി ബാധിച്ച അവശ്യഘട്ടത്തിൽ അല്ലാഹു ഒരു സ്വർഗീയ വെളിച്ചം ഇറക്കിത്തന്നതിലും, ഇസ്‌ലാമിന്റെ സന്ദേശം ഉയർത്തിപ്പിടിക്കുന്നതിനും, തിരുനബി(സ)യുടെ പ്രകാശം പ്രചരിപ്പിക്കുതിനും, മുസ്‌ലീങ്ങളെ പിന്തുണയ്ക്കുന്നതിനും, അവരുടെ ആന്തരിക അവസ്ഥകളെ സംസ്കരിക്കുന്നതിനുമായി ഒരു ദാസനെ ദുനിയാവിലേക്ക് സവിശേഷമായി നിയോഗിച്ചതിലും നിങ്ങൾ അദ്ഭുതപ്പെടേണ്ടതില്ല. ഇസ്‌ലാമിന്റെ സംരക്ഷകനായ, വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ താൻ എപ്പോഴും കാത്തുസൂക്ഷിക്കുമെന്നും അതിനെ നിഷ്പ്രഭമാകാൻ അനുവദിക്കില്ലെന്നും വാഗ്ദാനം ചെയ്ത ആ ദൈവംഈ അന്ധകാരവും ആന്തരികവും ബാഹ്യവുമായ അധർമങ്ങളും കണ്ടിട്ടും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ ഉറപ്പിച്ചു പറഞ്ഞ ആ വാഗ്ദാനം ഓർക്കാതെ മൗനം പാലിച്ചിരുന്നുവെങ്കിലല്ലേ അദ്ഭുതപ്പെടേണ്ടിയിരുന്നത്? ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ തന്റെ ദീനിനെ ഉദ്ധരിക്കാൻ ഒരു ദാസനെ അല്ലാഹു നിയോഗിക്കും എന്നതിരുനബി (സ) യുടെ വ്യക്തമായ പ്രവചനം തെറ്റിപ്പോയിരുന്നുവെങ്കിലല്ലേ അദ്ഭുതപ്പെടേണ്ടിയിരുന്നത്?

അതിനാൽ ഇത് അത്ഭുതപ്പെടേണ്ട സാഹചര്യമല്ല; മറിച്ച് ആയിരം മടങ്ങ് നന്ദികാണിക്കേണ്ടതും ഈമാനും യഖീനും വർദ്ധിപ്പിക്കേണ്ടതുമായ സമയമാണ്! എന്തെന്നാൽ, അല്ലാഹു തന്റെ അനുഗ്രഹവും കൃപയും കൊണ്ട് തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും, തിരുനബി (സ) യുടെ പ്രവചനത്തിൽ ഒരു മിനിറ്റിന്റെ പോലും വ്യത്യാസം വരുത്താതെ അത് നിറവേറ്റുകയും ചെയ്തു! പ്രവചനം പൂർത്തിയാക്കുക മാത്രമല്ല, ഭാവിയിലേക്കായി പരസഹസ്രം പ്രവചനങ്ങളുടെയും അത്ഭുതങ്ങളുടെയും കവാടങ്ങൾ തുറന്നു തരികയും ചെയ്തു.നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിന് നന്ദി അർപ്പിക്കുകയും നന്ദിയുടെ സാഷ്ടാംഗങ്ങൾ അർപ്പിക്കുകയും ചെയ്യുക! കാരണം, നമ്മുടെ പൂർവ്വികരും അനേകം സത്യാത്മാക്കളും ഏതൊരു കാലഘട്ടത്തെ കാത്തിരുന്ന് വിടപറഞ്ഞുപോയോ, ആ കാലഘട്ടം നിങ്ങൾക്ക് വന്നണഞ്ഞിരിക്കുന്നു! ഇനി ഇതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ, ഇതിൽ നിന്ന് പ്രയോജനം നേടുകയോ നേടാതിരിക്കുകയോ ചെയ്യുക എന്നത് നിങ്ങളുടെ കൈകളിലാണ്.

ഹുസൂർ അൻവർ അരുളുന്നു: അല്ലാഹുവിനോട് നന്ദിപ്രകടിപ്പിച്ചുകൊണ്ട് അവൻ അയച്ചയാളെ വിശ്വസിക്കുകയും, പ്രയാസങ്ങളിൽ നിന്ന് രക്ഷ നേടാനായി ഐക്യത്തിന്റെ നൂലിൽ കോർക്കപ്പെടുകയും ചെയ്യുക എന്നത് ഇക്കാലത്തെ മുസ്‌ലീങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.

സത്യാന്വേഷിയായ ഒരാളെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളി: അല്ലാഹുവിന് നന്ദി അർപ്പിക്കുക! കൃത്യസമയത്ത് അവൻ കൈത്താങ്ങായി വർത്തിക്കു

കയും ഈ പ്രസ്ഥാനത്തിന് അസ്തിവാരമിടുകയും ചെയ്തു. അതിനാൽ നിങ്ങൾക്ക് നൽകപ്പെട്ട ഈ അനുഗ്രഹത്തെ പാഴാക്കാതെ അതിനെ ആദരവോടെ നോക്കികാണുകയും,നിങ്ങൾക്ക് ലഭിച്ച ഈ സഹായത്തെയും പിന്തുണയെയും വിലമതിക്കുകയും ചെയ്യുകയാണ് നിങ്ങൾക്ക് ഉത്തമം. അല്ലാഹു നിയോഗിച്ച ആളെ ആളുകൾ തിരിച്ചറിയുന്നു എന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമത്രേ. അതിനാൽ നിങ്ങൾക്ക് ഈ കഴിവ് നൽകുകയും തിരിച്ചറിയാനുള്ള ദൃഷ്ടി പ്രദാനം ചെയ്യുകയും ചെയ്തു എന്നത് അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന വലിയൊരു ഉപകാരമാണ്.

തുടർന്ന് അവിടുന്ന് മിയാൻ അബ്ദുൽ ഹഖ് സാഹിബിന്റെ സംഭവം ഉദാഹരണമായി എടുത്തുപറയുകയുണ്ടായി. എങ്ങനെയാണ് അല്ലാഹു അദ്ദേഹത്തിന് കൈത്താങ്ങായതെന്നും, സുഖഭോഗങ്ങളുടെ അവസ്ഥയിൽ നിന്ന് പുറത്തെടുത്ത് സത്യം സ്വീകരിക്കാൻ തൗഫീഖ് നൽകിയതെന്നും വിവരിച്ചു. ഹദ്റത്ത് മിയാൻ അബ്ദുൽ ഹഖ് സാഹിബ് ഖസൂർ സ്വദേശിയായിരുന്നു. അദ്ദേഹം ഒരു വിദ്യാർത്ഥിയായിരിക്കെ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ചില ഗ്രന്ഥങ്ങൾ വായിച്ചശേഷം, ഇസ്‌ലാമിന്റെ സത്യതയും സന്മാർഗികതയും പ്രായോഗികമായി കാണാൻ ആഗ്രഹിക്കുന്നുവെന്ന് കാണിച്ച് അവിടുത്തേക്ക് കത്തെഴുതി. കുറഞ്ഞത് രണ്ട് മാസത്തെ അവധിയെടുത്ത് ഖാദിയാനിൽ വന്നു താമസിക്കാൻ അവിടുന്ന് ഉപദേശിച്ചു. അങ്ങനെ അദ്ദേഹം വരാൻ തീരുമാനിച്ചു. നിരവധിയാളുകൾ അദ്ദേഹത്തെ തടയുകയും ഖാദിയാനിലേക്ക് പോകരുത് എന്ന് ഉപദേശിക്കുകയും ചെയ്തു; ഒരാൾ ചീത്ത വിളിക്കുകപോലുമുണ്ടായി. എന്നാൽ ഈ തടസ്സങ്ങൾക്കെല്ലാം മീതെ അല്ലാഹുവിന്റെ അനുഗ്രഹം വിജയം വരിക്കുകയും അദ്ദേഹത്തെ ഖാദിയാനിലേക്ക് ആകർഷിച്ചു കൊണ്ടുവരികയും ചെയ്തു.

അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ചേരുന്നവരുടെ ആത്മാർഥതയും സ്നേഹവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

അല്ലാഹു തന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ട് എന്നെ ഏകനായി വിട്ടുകളഞ്ഞില്ലെന്ന കാര്യം അംഗീകരിക്കാതെയും അതിന് നന്ദി അർപ്പിക്കാതെയും ഇരിക്കാൻ എനിക്ക് സാധിക്കുകയില്ല! അല്ലാഹു തന്റെ സ്വന്തം കരം കൊണ്ട് സ്ഥാപിച്ച ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ച് എന്നോട് സാഹോദര്യ ബന്ധം സ്ഥാപിച്ചവർ സ്നേഹത്തിന്റെയും ആത്മാർഥതയുടെയും അപാരമായ വർണ്ണങ്ങൾ ചാർത്തപ്പെട്ടവരാണ്! എന്റെ അധ്വാനം കൊണ്ടല്ല, മറിച്ച് അല്ലാഹു തന്റെ പ്രത്യേക ഔദാര്യംകൊണ്ട് സത്യസന്ധത നിറഞ്ഞ ഈ ആത്മാക്കളെ എനിക്ക് തന്നരുളിയതാണ്! ഏറ്റവും ആദ്യം എന്റെ ഒരു ആത്മീയ സഹോദരനെക്കുറിച്ച് പരാമർശിക്കാൻ എന്റെ ഹൃദയം വെമ്പൽകൊള്ളുകയാണ്; അദ്ദേഹത്തിന്റെ പേര് അദ്ദേഹത്തിലെ ആത്മാർഥ വെളിച്ചം പോലെത്തന്നെ 'നൂറുദ്ദീൻ ' എന്നാണ്! ഇസ്‌ലാമിന്റെ സന്ദേശം ഉയർത്തിപ്പിടിക്കുന്നതിനായി അദ്ദേഹം തന്റെ ഹലാലായ ധനം ചെലവഴിച്ച് നിർവ്വഹിക്കുന്ന ചില ദീനി സേവനങ്ങളെ ഞാൻ എപ്പോഴും കൊതിയോടെയാണ് നോക്കിക്കാണാറുള്ളത്; ആ സേവനങ്ങൾ എനിക്കും നിർവ്വഹിക്കാൻ സാധിച്ചിരുന്നെങ്കിൽ! എന്ന് ഞാൻ ആഗ്രഹിച്ചുപോകുന്നു. സർവലോക രക്ഷിതാവേ! നിന്റെ ഉപകാരങ്ങൾക്ക് നന്ദി അർപ്പിക്കാൻ എനിക്ക് സാധ്യമല്ല! നീ അത്യധികം കരുണാനിധിയും ദയാലുവുമാണ്; എന്റെ മേൽ നിന്റെ അപാരമായ അനുഗ്രഹങ്ങളുണ്ട്. ഞാൻ നശിച്ചുപോകാതിരിക്കാൻ എന്റെ പാപങ്ങൾ പൊറുത്തു തരേണമേ! എനിക്ക് യഥാർത്ഥ ജീവൻ ലഭിക്കേണ്ടതിനായി എന്റെ ഹൃദയത്തിൽ നിന്റെ പ്രത്യേക സ്നേഹം നിറച്ചു തരേണമേ! എന്റെ ന്യൂനതകൾ മറച്ചുപിടിക്കുകയും നീ തൃപ്തിപ്പെടുന്ന പ്രവൃത്തികൾ ചെയ്യാനുള്ള തൗഫീഖ് നൽകുകയും ചെയ്യേണമേ! നിന്റെ കോപം എന്റെ മേൽ പതിക്കുന്നതിൽ നിന്ന് നിന്റെ കൃപാകടാക്ഷത്തെ ചൊല്ലി ഞാൻ അഭയം തേടുന്നു. എന്നോട് കരുണ കാണിക്കേണമേ! ദുനിയാവിലെയും ആഖിറത്തിലെയും ആപത്തുകളിൽ നിന്ന് എന്നെ കാത്തുരക്ഷിക്കേണമേ! കാരണം, സകല ഔദാര്യങ്ങളും കാരുണ്യവും നിന്റെ കൈകളിൽ മാത്രമാണ്! ആമീൻ സുമ്മ ആമീൻ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: ഈ ഘട്ടത്തിൽ എനിക്ക് ഈ ഒരു നന്ദി പ്രകടിപ്പിക്കാതിരിക്കാൻ സാധ്യമല്ല; അതായത്, അല്ലാഹു തന്റെ വഹ്‌യ് മുഖേന നമ്മുടെ തിരുനബി(സ)യെ പിന്തുണച്ചുകൊണ്ട് അവിശ്വാസികളെ കുറ്റപ്പെടുത്തി പ്രസ്താവിച്ചു: എന്റെ ഈ നബി അത്രയധികം ഉന്നതമായ സൽസ്വ

ഭാവത്തിന് ഉടമയാണ്; അദ്ദേഹത്തിന്റെ കഴിഞ്ഞ 40 വർഷത്തെ ജീവിതത്തിൽ ഒരു കുറ്റമോ ന്യൂന തയോ കണ്ടെത്താൻ നിങ്ങൾക്ക് സാധ്യമല്ല! 40 വർഷക്കാലം രാപകൽ അദ്ദേഹം നിങ്ങ ൾക്കിടയിൽ തന്നെയാണ് ജീവിച്ചത്. മാന്യത യിലും വിശുദ്ധിയിലും അധികാരത്തിലും അർഥത്തിലും മികച്ചു നിൽക്കുന്ന അദ്ദേഹ ത്തിന്റെ ഉന്നതുടുംബത്തിൽ തരിമ്പും ന്യൂനത ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. ചിന്തിച്ചു നോക്കൂ, ഇത്ര ഉന്നതവും പരിശുദ്ധവു മായ കുടുംബത്തിൽ നിന്നുള്ള വ്യക്തി, നിങ്ങളുടെ മുൻപാകെ കഴിച്ചുകൂട്ടിയ 40 വർഷ ത്തെ ജീവിതം കളവോ കറ്റുകെട്ടോ അദ്ദേഹ ത്തിന്റെ രീതിയല്ലെന്ന് സാക്ഷ്യം വഹിക്കു കയും അദ്ദേഹം സ്വർഗീയ അടയാളങ്ങൾ കാണിച്ചു തരികയും അല്ലാഹുവിന്റെ സഹായം അദ്ദേഹത്തോടൊപ്പം ഉണ്ടാകുകയും നിങ്ങളുടെ അന്ധവിശ്വാസങ്ങൾക്കും ശിർക്കിനും എതിരെ ശുദ്ധമായ അധ്യാപനങ്ങൾ കൊണ്ടു വരികയും ചെയ്യുമ്പോൾ ആ നബി സത്യവാനാണെന്നതിൽ ഇനി നിങ്ങൾക്ക് എന്ത് സംശയമാണ് അവശേ ഷിക്കുന്നത്?ഇതേ രീതിയിൽ തന്നെയാണ് അല്ലാഹു എന്റെ എതിരാളികളെയും നിഷേധിക ളെയും കുറ്റപ്പെടുത്തിയിരിക്കുന്നത്. ബറാഹീനെ അഹ്മദിയ്യായുടെ 512-ാം പേജിൽ- അത് പ്രസി ദ്ധീകരിച്ചിട്ട് 20 വർഷം കഴിഞ്ഞിരിക്കുന്നു- എന്നെക്കുറിച്ച് ഈ ഇൽഹാം നൽകപ്പെട്ടിട്ടുണ്ട്:

وَلَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ اَفَلَا تَعْقِلُوْنَ

അതായത്, ഈ എതിരാളികളോട് പ റയുക: ഞാൻ 40 വർഷത്തോളം നിങ്ങൾക്ക് ഇടയിലാണ് ജീവിച്ചത്! ഇത്രയും ദീർഘമായ കാലയളവിൽ എന്നെ നിങ്ങൾ നിരീക്ഷി ച്ചതാണ്; കളവോ കറ്റുകെട്ടോ എന്റെ രീതിയ ല്ലെന്നും, അല്ലാഹു എന്നെ അശുദ്ധമായ ജീവിതത്തിൽ നിന്ന് കാത്തുസൂക്ഷിച്ചിട്ടുണ്ടെന്നും നിങ്ങൾക്ക് അറിയാം.

അവിടുന്ന് സ്വന്തം വീട്ടിലെ കുട്ടികളിലും നന്ദിപ്രകാശനത്തിന്റെ വികാരങ്ങൾ വളർത്തി യെടുക്കാൻ ശ്രമിക്കുമായിരുന്നു. ഒരു നിവേദന ത്തിൽ ഇപ്രകാരം കാണാം: ഒരിക്കൽ അവിടുന്ന് വീട്ടിലെ കുട്ടികൾക്ക് ഒരു കഥ പറഞ്ഞു കൊടു ത്തു. ഒരു കഷണ്ടിക്കാരനും ഒരു അന്ധനും ഉണ്ടായിരുന്നു. അല്ലാഹു അവരുടെ അടുത്തേക്ക് ഒരു മലക്കിനെ അയച്ചു. മലക്ക് കഷണ്ടിക്കാര നോട് ചോദിച്ചു: 'നിനക്ക് എന്താണ് വേണ്ടത്?' അവൻ പറഞ്ഞു: എന്റെ തലയിൽ മുടിയുണ്ടാ കണം, എനിക്ക് ധനവും സ്വത്തും ലഭിക്കണം. മലക്ക് അവന്റെ തലയിൽ തടവിയപ്പോൾ മുടി വളരുകയും ധനം ലഭിക്കുകയും ചെയ്തു. തുടർന്ന് മലക്ക് അന്ധന്റെ അടുത്ത് ചെന്ന് ചോദിച്ചു: 'നിനക്ക് എന്താണ് വേണ്ടത്?' അവൻ പറഞ്ഞു: എനിക്ക് കാഴ്ച ലഭിക്കണം, ധനവും സ്വത്തും കിട്ടണം. മലക്ക് തടവിയപ്പോൾ അവ ന്റെ കാഴ്ച തിരികെ ലഭിക്കുകയും ധനം നൽക പ്പെടുകയും ചെയ്തു. കുറെക്കാലത്തിനു ശേഷം അല്ലാഹു അവരെ പരീക്ഷിക്കാനായി മലക്കിനെ ഒരു ദരിദ്രന്റെ രൂപത്തിൽ വീണ്ടും അയച്ചു. കഷണ്ടിക്കാരന്റെ അടുത്ത് ചെന്ന് ചോദിച്ചപ്പോൾ അവൻ കടുപ്പത്തിലും ദേഷ്യ ത്തിലും മറുപടി നൽകുകയും, 'നിന്നെപ്പോലെ യുള്ള അനേകം പേർ നടക്കുന്നുണ്ട്' എന്ന് പറഞ്ഞ് ആട്ടിവിടുകയും ചെയ്തു. മലക്ക് അവന്റെ തലയിൽ തടവിയപ്പോൾ അവൻ വീണ്ടും കഷണ്ടിക്കാരനാവുകയും ധനം നഷ്ടപ്പെടു കയും ചെയ്തു! തുടർന്ന് അന്ധന്റെ അടുത്ത് ചെന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞു: എല്ലാം അല്ലാഹു നൽകിയതാണ്; അവന്റേതാണ് ഈ ധനം, നിങ്ങൾ എടുത്തുകൊള്ളുക. അപ്പോൾ അല്ലാഹു അവന് ഇനിയും ധനം വർദ്ധിപ്പിച്ചു ന ൽകി. അതിനാൽ പ്രിയപ്പെട്ട കുട്ടികളേ, നിങ്ങൾ ഓർമ്മിക്കുക! അല്ലാഹു നൽകിയ അനുഗ്രഹ ങ്ങൾക്ക് നന്ദി കാണിക്കുകയും അവയെ വിലമതി ക്കുകയും ചെയ്യുക! ചോദിച്ചു വരുന്നവരോട് ദേഷ്യപ്പെടുകയോ അവരെ ആട്ടിയോടിക്കുകയോ ചെയ്യരുത്!ദാനധർമംചെയ്യുന്നത് നല്ലകാര്യമാണ്; ചോദിക്കുന്നവർക്ക് നൽകണം, അത് അല്ലാഹു വിനെ പ്രീതിപ്പെടുത്തുകയും അനുഗ്രഹങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

മറ്റൊരു സന്ദർഭത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെക്കുറിച്ച് (റ) അവിടുന്ന് പ്രസ്താവിച്ചു: 'ഹദ്റത്ത് ഹക്കീം മൗലവി സാഹിബ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹമാണ്! അദ്ദേഹത്തിലൂടെ അനേകം പാവങ്ങൾക്ക് ചികിത്സ ലഭിക്കുന്നു.'

ചികിത്സിക്കുന്നത് മറ്റുള്ളവരാണെങ്കിൽ മനുഷ്യ സേവനത്തിന്റെ പേരിൽ നന്ദി അർപ്പിക്കുന്നതോ ഹദ്റത്ത് മസീഹ് മൗഊദ് (അ).

ഖുതുബ അവസാനത്തിൽ ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) വഫാത്തായ ഏതാനും പ്ര

മുഖരെ അനുസ്മരിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു:

1)ബഹുമാനപ്പെട്ട ഹാഫിസ് ശഹ്ബാസ് അഹ്മദ് സാഹിബ് മുറബ്ബി സിൽസില - ഐവറി കോസ്റ്റ്

2)ബഹുമാനപ്പെട്ട യെല്ലെംഗാ നെ മോമിനി സാഹിബ് ശഹീദ് -ബുർക്കിനാ ഫാസോ

3)ബഹുമാനപ്പെട്ട യഹ്‌യാ സൊമാരെ സാഹിബ് ശഹീദ്-മാലി

4)ബഹുമാനപ്പെട്ട സിറാജുൽ ഹഖ് ഖുറൈശി സാഹിബ് (നാഇബ് അഫ്സർ ജൽസ സാലാന - റബ്‌വ)

5)ബഹുമാനപ്പെട്ട ലാവാൽ ത്വയ്യിബ് സാഹിബ് (മുഅല്ലിം സിൽസില - നൈജീരിയ)

6)ബഹുമാനപ്പെട്ട മാസ്റ്റർ ഗഫൂർ അഹ്മദ് സാഹിബ് (സാങ് ല - കാനഡ)

ഇവരുടെ നന്മകൾ അനുസ്മരിച്ചുകൊണ്ട് ഹസൂർ അൻവർ പാപമോചനത്തിനായി പ്രാർത്ഥിക്കുകയുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
MASJID MUBARAK UK ON 14.08.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516